**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 422** **08-10-2024 - ൽ മറുപടിയ്ക്ക്**

**കടമെടുപ്പ് പരിധിയിൽ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കാനുള്ള ആകെ തുക എത്രയാണെന്നും ഏതൊക്കെ ഇനത്തിലാണ് തുക ലഭിക്കാനുള്ളതെന്നും വിശദമാക്കാമോ; | (എ) | RD ഗ്രാന്റിലെ കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കൽ, കേന്ദ്രനികുതി വിഹിതത്തിലെ കുറയ്ക്കൽ മുതലായ ഇനങ്ങളിലായി 2023-24-ൽ 57,400 കോടി രൂപയുടെ വെട്ടിക്കുറവായിരുന്നു കേന്ദ്രം വരുത്തിയത്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതിനെ തുടർന്ന് 12,000 കോടി രൂപ, റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ ഈ വർഷം കുറയുന്ന 8,400 കോടി രൂപ, കിഫ്ബിയുടെയും പെൻഷൻ കമ്പനിയുടെയും വായ്പകളെ പൊതു കടമായി കണക്കാക്കിയതിലൂടെ കടപരിധിയിൽ വെട്ടിക്കുറവ് വരുത്തിയ 7,000 കോടി രൂപ, പബ്ലിക് അക്കൗണ്ടിലുള്ള പണം പൊതു കടത്തിൽ ഉൾപ്പെടുത്തിയതിലൂടെ കുറവ് വന്ന 12,000 കോടി രൂപ പത്താം ധനകാര്യ കമ്മീഷനിൽ നിന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷനിലേക്ക് എത്തിയപ്പോൾ സംസ്ഥാനത്തിന് ഡിവിസിബിൾ പൂളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ശതമാനം 3.87-ൽ നിന്നും 1.925 ആക്കി വെട്ടിക്കുറച്ചതിന്റെ ഭാഗമായി കുറവ് വന്ന 18,000 കോടി രൂപ. ഈ വെട്ടിക്കുറവ് വീണ്ടും വർദ്ധിച്ച് വരികയാണ്. |
| (ബി) | കടമെടുപ്പ് പരിധിയിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാനം കേന്ദ്രസർക്കാരിനെതിരായി സുപ്രീംകോടതിയെ സമീപിച്ച കേസിൽ നൽകിയ സത്യവാങ്മൂലത്തിൽ കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപ ലഭിക്കാനുണ്ടെന്നാണ് വ്യക്തമാക്കിയിട്ടുള്ളതെന്നും ഏതൊക്കെ ഇനത്തിലാണ് ലഭിക്കാനുള്ളതെന്നും വിശദമാക്കാമോ; പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി **O.S. 1/2024 State of Kerala vs Union of India** പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. |
| (സി) | സുപ്രീംകോടതിയിലെ കേസിനെ തുടർന്ന് എത്ര കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; വിശദാംശം | (സി) | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന |

| | | | |
|---|---|---|---|
| | ഇനം തിരിച്ച് വ്യക്തമാക്കുമോ? | | ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി **O.S. 1/2024 State of Kerala vs Union of India** പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ